# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 488 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാറ്റ് നികുതി സമ്പ്രദായത്തിൽ, സേവന നികുതികൾ പിരിച്ചെടുക്കുന്നതിന് സംസ്ഥാന വാണിജ്യ നികുതി വകുപ്പിനോ മറ്റേതെങ്കിലും സംസ്ഥാന ഗവൺമെന്റ് ഏജൻസിക്കോ അധികാരം ഉണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ടായിരുന്നില്ല. |
| (ബി) | വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരുന്നത്; | (ബി) | ജി.എസ്.ടി നിലവിൽ വരുന്നതിനു മുമ്പ് സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനായിരുന്നു. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് ആണ് ഇത് നിർവഹിച്ചിരുന്നത്. |
| (സി) | ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ചുമതലാവിഭജനം | (സി) | ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും അധികാരമുണ്ട്. ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തം ഫയലുകളിൽ ഒന്നര കോടി വരെയുള്ള വിറ്റു വരവുകൾ |

| | | | |
|---|---|---|---|
| | എങ്ങനെയാണെന്ന് വിശദീകരിക്കുമോ? | | സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന, കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ